# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4807 — 22/03/2018-ൽ മറുപടിക്ക്

## കാസർകോട് വൈദ്യുതി ഭവൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് വൈദ്യുതി ഭവൻ നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; വാടകയിനത്തിൽ വർഷത്തിൽ എത്ര രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് പുലിക്കുന്ന് എന്ന സ്ഥലത്തുള്ള കെട്ടിടത്തിലാണ് ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ ഓഫീസും ഡിവിഷൻ ഓഫീസും പ്രവർത്തിക്കുന്നത്.<br>ഈ കെട്ടിടത്തിന്റെ വാടകയിനത്തിൽ പ്രതിവർഷം 13,63,224/- രൂപ ചെലവഴിക്കുന്നുണ്ട്. |
| (ബി) | വൈദ്യുതി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയായിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ തറക്കല്ലിടൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) & (സി) | 12.03.2017-ന് ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ് മന്ത്രി പുതിയ വൈദ്യുതി ഭവനത്തിന് തറക്കല്ലിട്ടു.<br>വൈദ്യുതി ഭവനത്തിന്റെ നിർമ്മാണത്തിനായി ടെണ്ടർ വിളിച്ചിരുന്നു. ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ കൂടുതലായതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | എങ്കിൽ തറക്കല്ലിടൽ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | | |
| (ഡി) | നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ? | (ഡി) | നിർദ്ദിഷ്ട വൈദ്യുതിഭവന്റെ നിർമ്മാണം 6 മാസത്തിനകം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ